**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3334** **01-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം വേഗത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2021- മേയ് മാസം മുതൽ 31.12.2022 വരെ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്യുവാൻ സാധിച്ചതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 2021 മെയ് മാസം മുതൽ 31.12.2022 വരെയുള്ള കാലയളവിൽ **54,535** പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഇടുക്കി ജില്ലയിൽ 2021- മേയ് മാസം മുതൽ 31.12.2022 വരെ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്യുവാൻ സാധിച്ചതെന്ന് വിശദമാക്കാമോ; | (ബി) | ഇടുക്കി ജില്ലയിൽ 2021 മെയ് മാസം മുതൽ 31.12.2022 വരെയുള്ള കാലയളവിൽ വിവിധ ചട്ടങ്ങൾ പ്രകാരം ആകെ **3671** പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പീരുമേട് താലൂക്കിൽ 2021- മേയ് മാസം മുതൽ 31.12.2022 വരെ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്യുവാൻ സാധിച്ചതെന്ന് വിശദമാക്കാമോ; | (സി) | പീരുമേട് താലൂക്കിൽ 2021 മെയ് മാസം മുതൽ 31.12.2022 വരെയുള്ള കാലയളവിൽ വിവിധ ചട്ടങ്ങൾ പ്രകാരം 96 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. പീരുമേട് ഭൂമി പതിവ് ഓഫീസിൽ നിന്നും പതിവ് നടപടികൾ പൂർത്തീകരിച്ച് മേൽ പരിശോധന നടപടികൾ പൂർത്തിയാക്കിയ 153 കേസുകളിൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. നിലവിൽ പതിവ് നടപടികൾ പൂർത്തീകരിച്ച് 754 പതിവ് കേസുകൾ താലൂക്ക് ഭൂമി പതിവ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ മേൽ പരിശോധനാ നടപടികൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിലെ ഭൂമി പതിവ് ഓഫീസിന് തുടർച്ചാ അനുമതി നൽകാത്തതിനാൽ ഓഫീസിലെ ജീവനക്കാർക്ക് കഴിഞ്ഞ ഒക്ടോബർ മുതൽ ശമ്പളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ ഭൂമി പതിവ് ഓഫീസിന് തുടർച്ചാനുമതി നൽകുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ REV-T2/315/2022-REV ഫയലിൽ പരിശോധിച്ചു വരുന്നു. 31.06.2010 ലെ സ.ഉ.(കൈ) നം.201/2010/ ആർ.ഡി. പ്രകാരം സൃഷ്ടിച്ച ദേവികുളം ഭൂമി പതിവ് ഓഫീസ് ലാവണമായി പീരുമേട് ഭൂമി പതിവ് ഓഫീസിൽ നിലവിൽ ജോലി ചെയ്തു വരുന്ന 9 തസ്തികകൾക്ക് തുടർച്ചാനുമതിയില്ലാതെ |

| | | | |
|---|---|---|---|
| | | | 30.09.2022 വരെ ശമ്പളം അനുവദിച്ച നടപടി സാധൂകരിക്കുന്നതിന്മേലും, പ്രസ്തുത തസ്തികകൾക്ക് 01.10.2022 മുതൽ 31.03.2023 വരെ തുടർച്ചാനുമതി നൽകുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഇ) | പട്ടയ നടപടികൾ വേഗത്തിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ഇ) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ പദ്ധതിയാണ് പട്ടയ മിഷൻ. മലയോര മേഖല, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തിര പ്രാധാന്യത്തെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണർ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR)ന്റെ നേതൃത്വത്തിൽ ജില്ലാ തല പട്ടയ മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്ക് തല പട്ടയ മിഷനും രൂപീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർ നടപടികൾ താലൂക്ക് തലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ച തോറും ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്. നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ് ) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ പരിഹരിക്കുന്നതിനായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളുടേയോ അല്ലെങ്കിൽ ചട്ടഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (എഫ്) | സംസ്ഥാനത്ത് ഭൂമി പതിവ് ഓഫീസുകൾ ഇ-ഓഫീസുകളാക്കുവാൻ എന്തൊക്കെ നടപടികളാണ് | (എഫ്) | ലാൻഡ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം പൂർണമായി നടപ്പിലാക്കി കടലാസ്സ് രഹിത ഭരണ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | നിർവ്വഹണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, ജില്ലാ കളക്ടേറ്റ്, റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, 869 വില്ലേജ് ഓഫീസ്, 13 ഭൂമി പതിവ് സ്പെഷ്യൽ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ അനുവദിച്ച ഫണ്ട് വിനിയോഗിച്ച് റവന്യൂ വകുപ്പിന്റെ കീഴിലെ എല്ലാ ഓഫീസുകളിലും പൂർണ്ണ തോതിൽ ഇ-ഓഫീസ് സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന്റെ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ